# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA.P9/119/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA.P9/119/23 തീയ്യതി: 22/03/2023

## പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 23-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എസ്, ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ആർ മോഹനൻ നായർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പി നന്ദകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുമ എസ് എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. കാർത്തിക് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ ജ്യോതി വേണുഗോപാൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ തത്ത ദമനൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. രഞ്ജിത്ത് കുമാർ എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ അനുപമ കെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. ഫിജു സി ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സിന്ധു റ്റി ഐ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി. സൈറ ഇസ്മേയിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീ. സൂസൻ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി. അഞ്ജന മോഹൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 12 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 13 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12-1 |
| 14 | ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല | 1-12-2 |
| 15 | റേഷൻ കടകളുടെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-12-3 |
| 16 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-13 |
| 17 | പെർമിറ്റ്, ക്രമവത്കരണ ഫീസുകൾ കണക്കാക്കിയത് കൃത്യതയില്ലാതെ | 1-14 |
| 18 | അനധികൃത എക്സ്റ്റൻഷനുകൾ വ്യാപകം- വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം | 1-15 |
| 19 | ക്രമവത്ക്കരണം അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-16 |
| 20 | റ്റേക്ക്-എ-ബ്രേക്ക്- നിർമ്മിച്ച ടോയ് ലറ്റ് കെട്ടിടം പൂട്ടിയിട്ട നിലയിൽ | 1-17 |
| 21 | മിനി മാസ്റ്റ് ലൈറ്റുകളും സോളാർ ലൈറ്റുകളും സ്ഥാപിച്ചു - തുടർമോണിറ്ററിംഗ് ഇല്ല | 1-18 |
| 22 | പൊതുടാപ്പുകളുടെ വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് - കുറയ്ക്കുന്നതിന് നടപടികളില്ല. | 1-19 |
| 23 | റിവോൾവിംഗ് ഫണ്ടായി നൽകിയ തുക കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ നിഷ്ക്രിയാവസ്ഥയിൽ | 1-20 |
| 24 | അഗതിരഹിത കേരളം പദ്ധതി നിർജ്ജീവം | 1-21 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-22 |
| 26 | സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു | 1-23 |

| | | |
|---|---|---|
| 27 | മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 28 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | 1-25 |
| 29 | മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | നിക്ഷേപ പ്രവൃത്തികൾ | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.02.2021 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 14.02.2022 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---:|---:|---:|
| മുന്നിരിപ്പ് | 11764583 | 14856182 | 3091599 |
| വരവ് | 173765328 | 77367545 | 96397783 |
| ആകെ | 185529911 | 92223727 | 93306184 |
| ചെലവ് | 180425328 | 79764016 | 100661312 |
| നീക്കിയിരിപ്പ് | 5104583 | 12759711 | 7655128 |

## 1-2 വാർഷിക ധനകാര്യ പത്രിക

1. കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ Capital Contribution(Acceleration Rural Water Supply Scheme) എന്ന ഹെഡിലാണ് മുന്നിരിപ്പ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

4. ഷെഡ്യൂൾ ബി4 ( Grants & Contributions For Specific Purposes):- സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(4160594) ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി (Redumption തുക ഉൾപ്പടെ സംയുക്ത പദ്ധതി അക്കൗണ്ട് തുക-3986857) പൊരുത്തപ്പെടുന്നില്ല. ആകെ വ്യത്യാസം-173737

5. ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭിച്ച 520000രൂപ Loan From Hudco (330500202) സെക്യേർഡ് ലോൺ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു.

6. ഷെഡ്യൂൾ B11:-ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്വെയറിലെ വിവരങ്ങളും കാലികമല്ല.

7. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

8. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളവ ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല

9. ഷെഡ്യൂൾ B15, RP-43, I-1:വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
10. തൊഴിലുറപ്പ് പദ്ധതി – വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14856182 |
| വരവ് | 77367545 |
| ആകെ | 92223727 |

| | |
|---|---|
| ചെലവ് | 79464016 |
| നീക്കിയിരിപ്പ് | 12759711 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12730000 | 12730000 | 12482490 | 247510 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 10109980 | 10109980 | 8521849 | 1588131 |
| വികസനഫണ്ട് (റ്റി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7071265 | 7071265 | 5424784 | 1646481 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5202519 | 5202519 | 3060333 | 2142186 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | | 6658680 | 6658680 | 3311442 | 3347238 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 2949923 | 2949923 | 2267955 | 681968 |

കേന്ദ്രാവിഷ്കൃത ഫ ണ്ടുകൾ

| | | | | | |
|---|---|---|---|---|---|
| തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ) | 2000 | 1357940 | 1359940 | 1358337 | 1603 |
| തൊഴിലുറപ്പ് പദ്ധതി നേരിട്ട് നൽകുന്നത് | - | 26433815 | 26433815 | 26433815 | - |
| | 2000 | 27791755 | 27793755 | 27792152 | 1603 |
| ഐ സി ഡി എസ്സ് | 1171554 | 438889 | 1610443 | 722910 | 887533 |

സംസ്ഥാനാവിഷ്കൃഫ ണ്ടുകൾ

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നിർമ്മൽ പുരസ്കാരം | 802965 | - | 802965 | 195780 | 607185 |
| പി ബി ഐ ജി | 1005423 | - | 1005423 | 837142 | 168276 |
| സ്വച്ഛ ഭാരത് മിഷൻ/ എം. സി എഫ് | 455000 | - | 455000 | - | 455000 |
| എസ്സ് എസ്സ് എ | 34507 | 1012 | 35519 | - | 35519 |
| രോഗ പ്രതിരോധം | - | 508150 | 508150 | 508150 | - |
| ലൈഫ് - സംസ്ഥാന വിഹിതം | 760000 | - | 760000 | 240000 | 520000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് | ഗ്രാന്റ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|

| | പ്രകാരം വരവ് | സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | | |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 12730000 | 10975601 | 1754399 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 527999/-,അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 1226400/- തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| വികസനഫണ്ട് (എസ് സി പി) | 10109980 | 10036646 | 73334 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 73334 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 198 | 133206092 | 158 | 55574772 | 40 | 41.72 |

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉൽപ്പാദന മേഖല | 13681917 | 10106649 | 73.87 |
| സേവന മേഖല | 98788530 | 31753999 | 32.14 |
| പശ്ചാത്തല മേഖല | 20735645 | 13714124 | 66.14 |
| ആകെ | 133206092 | 55574772 | 41.72 |

C.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ.നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 8552250 | 5522362 | 64.57 |
| 2 | വെറ്ററിനറി സർജൻ | 10 | 10 | 2846000 | 2395740 | 84.18 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 4 | 4 | 1451000 | 1413738 | 97.43 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 613038 | 613038 | 100 |
| 5 | വി.ഇ.ഒ. | 21 | 17 | 77221299 | 15884221 | 20.57 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5 | 3553190 | 2477951 | 69.74 |
| 7 | സെക്രട്ടറി | 45 | 34 | 16033371 | 11638003 | 72.59 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 69 | 19312299 | 12076374 | 62.53 |
| 9 | ഹെഡ് മാസ്റ്റർ | 2 | 2 | 750000 | 721450 | 96.19 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 1923645 | 1915895 | 99.6 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 950000 | 916000 | 96.42 |
| | | 198 | 158 | 133206092 | 55574772 | 41.72 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2000 | 1244359 | 1246359 | 1244756 | 1603 |
| നേരിട്ട നൽകുന്നത് | - | 25189059 | 25189059 | 25189059 | - |
| | 2000 | 26433418 | 262135418 | 26431815 | 1603 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4132000 |
| വിധവാപെൻഷൻ | 14887600 |
| വാർദ്ധക്യകാല പെൻഷൻ | 29757300 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3522300 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 739300 |
| തൊഴിൽരഹിത വേതനം | 61440 |
| വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 120000 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 31-01-2023, 12.30 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 454 (നാനൂറ്റി അൻപത്തി നാല്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഭരണകാര്യക്ഷമത ഉറപ്പ് വരുത്തുന്നതിലേക്ക് ശക്തമായ ആഭ്യന്തരനിയന്ത്രണസംവിധാനം ഉണ്ടാകേണ്ടതുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തിയതിൽ കണ്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
ഓഫീസ് ഉത്തരവുകൾ മുഖാന്തിരം ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടേയും കളക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റെക്കൺസിലേഷൻ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ വരവിനങ്ങളുടെ വാർഷിക ഡി.സി.ബി തയ്യാറാക്കി രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽശുഷ്കാന്തി കാണിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിക്ക് വസ്തു ഏറ്റെടുത്തതിനെത്തുടർന്ന് വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയ ഇനത്തിൽ ഭീമമായ ബാദ്ധ്യത പഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വന്നു. ഇത് മൂലം തനത് ഫണ്ട് പര്യാപ്തമല്ലാത്ത നിലയിലേക്ക് മാറിയത് പ്രതികൂല ഘടകമാണ്. വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 8 ലക്ഷത്തിൽപരം രൂപ ഇനിയും പിരിച്ചെടുക്കാനുണ്ട്. കുടിശ്ശിക പിരിവ്

ഊർജിതപ്പെടുത്തുന്നതിലേക്ക് നടപടി സ്വീകരിക്കേണ്ടതുണ്ട്. പൊതുടാപ്പുകളുടെ വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് എന്നിവ കുറവ് ചെയ്യുന്നതിന് ഭരണതല നടപടികൾ സ്വീകരിക്കപ്പെട്ടില്ല. തെരുവുവിളക്കുകളുടെ മീറ്ററിംഗ് പൂർത്തിയാക്കുക, ആവശ്യമില്ലാത്ത പൊതുടാപ്പുകൾ കണ്ടെത്തി ഡിസ്കണക്ട് ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുക എന്നിവ ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്.

മുൻവർഷങ്ങളിലായി ഒട്ടേറെ മിനി മാസ്റ്റ് ലൈറ്റുകളും സോളാർ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനം സംബന്ധിച്ച് തുടർ മോണിറ്ററിംഗ് നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2011-12 | 24.09.2013 |
| പെർഫോമൻസ് ഓഡിറ്റ് | 06.07.2022 | 1/2022-03/2022 | 07.07.2022 |

## 1-11 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

2021-22 വർഷത്തിലെ തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2021-22 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഇ എസ് എം യു ആർ സി മിലിട്ടറി ക്യാന്റീൻ, നരിയാപുരം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | മാരിഗോൾഡ് ഫിനാൻസ്, നരിയാപുരം | രണ്ടാം അർദ്ധവർഷം |
| 3 | ടെക്നോപാക്സ്, വള്ളിക്കോട് | രണ്ടാം അർദ്ധവർഷം |
| 4 | അക്ഷയ കേന്ദ്രം, വള്ളിക്കോട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | അക്ഷയ കേന്ദ്രം, കൈപ്പട്ടൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന 4 റേഷൻ കടകളിൽ നിന്ന് മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAOS) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ(ലൈസൻസ് രജിസ്റ്റർ)പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ 15 വാർഡുകളിലായി ആകെ 208 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. ഗ്രാമപ്പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് 383 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതനുസരിച്ച് 175 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസില്ലാതെ പ്രവർത്തിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവൃത്തിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | ജോൺസൺ മെറ്റൽസ് & അലോയീസ്, കൈപ്പട്ടൂർ |
| 2 | കരിക്കിനേത്ത് ടെക്സ്റ്റൈയിൽസ്,കൈപ്പട്ടൂർ |

| | |
|---|---|
| 3 | മോൻസ് ഹാർഡ് വെയർ, കൈപ്പട്ടൂർ |
| 4 | ചീരുവേലിൽ മിനി ബസാർ, കൈപ്പട്ടൂർ ഈസ്റ്റ് |
| 5 | മെമ്മറീസ് ഡിജിറ്റൽ സ്റ്റുഡിയോ, വള്ളിക്കോട് |
| 6 | ഹരിശ്രീ ഓഫ്സെറ്റ് പ്രിന്റേഴ്സ്, വള്ളിക്കോട് |
| 7 | ദേവി ഹാർഡ് വെയേഴ്സ്, വള്ളിക്കോട് |

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നിരിക്കെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമവിരുദ്ധമാണ്. ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12-1 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മിൽമ ഡയറി എന്ന സ്ഥാപനത്തിൽ നിന്ന് 2021-22 സാമ്പത്തിക വർഷം ലൈസൻസ് ഫീസായി 10000 രൂപ ഈടാക്കിയിട്ടുണ്ട്. ടി സ്ഥാപനം ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ച പി.സി.ബി സാക്ഷ്യപത്ര പ്രകാരം 19.85 കോടി മൂലധന നിക്ഷേപമായി രേഖപ്പെടുത്തിയിട്ടുണ്ട്. എഫ്. ടി. ഇ. എ & ഒ .എസ് ചട്ടം 7, പട്ടിക II പ്രകാരം ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽ ഉല്പാദന മേഖലയിൽ ഉൾപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പരമാവധി 15000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. ഇത് കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എൻജെയ്സ് സ്പൈസസ് & കെമിക്കൽ ഓയിൽ ലിമിറ്റഡ്, വി.കോട്ടയം എന്ന സ്ഥാപനം ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ച പി.സി.ബി സർട്ടിഫിക്കറ്റിൽ 4.32 കോടി മൂലധന നിക്ഷേപമായി രേഖപ്പെടുത്തിയിട്ടുണ്ട്. എഫ്. ടി. ഇ. എ & ഒ .എസ് ചട്ടം 7, പട്ടിക II പ്രകാരം സ്മാൾ എന്റർപ്രൈസസ് വിഭാഗത്തിൽ ഉല്പാദന മേഖലയിൽ ഉൾപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പരമാവധി 5000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്ന് ലൈസൻസ് ഫീസായി 1000 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് ഫീസ് കുറവ് ഈടാക്കിയതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തനത് വരുമാനം കുറവായ പഞ്ചായത്തിൽ പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12-2 ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല

തൻവർഷം ലൈസൻസ് എടുത്ത 208 സ്ഥാപനങ്ങളിൽ 59 സ്ഥാപനങ്ങളാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. 2022 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കൂടുതൽ ലൈസൻസുകൾ അനുവദിച്ചിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളെയും സമയപരിധിക്കുള്ളിൽ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വ്യാപാരികൾ ലൈസൻസ് നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12-3 റേഷൻ കടകളുടെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1966 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടത്തിലെ പട്ടിക ഒന്ന് ക്രമ നം. 149 പ്രകാരം റീട്ടെയൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 4 റേഷൻ കടകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

## 1-13 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഓഡിറ്റ് വർഷം സഞ്ചയ പ്രകാരം 812261 രൂപ പിരിച്ചെടുക്കാനുണ്ട്. കുടിശ്ശികയിനത്തിൽ ഗണ്യമായ തുക ഒടുക്കാനുള്ള ചില കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 15 | 553 | ജയിംസ് ജോർജ്ജ്, ഗ്രേസ് കോട്ടേജ്,ഇളകൊള്ളൂർ | 626636 |
| 2 | 9 | 69 | സുരേഷ്, കല്ലുണ്ടിൽ വീട് | 8856 |

| | | | | |
|---|---|---|---|---|
| 3 | 1 | 364 | കോശി മാത്യു, കടവിൽ മേടയിൽ,കൈപ്പട്ടൂർ | 4795 |
| 4 | 2 | 499 | മാനേജർ. ബി.എസ്.എൻ. എൽ. മൊബൈൽ ടവർ | 5520 |
| 5 | 4 | 314 | സെക്രട്ടറി, യുണൈറ്റഡ് ആർട്ട്സ് ക്ലബ്, മായാലിൽ | 3298 |
| 6 | 6 | 188 | കമലാക്ഷിയമ്മ, മുണ്ടക്കൽകിഴക്കേതിൽ,വാഴമുട്ടം | 5589 |
| 7 | 9 | 561 | പീതാംബരൻ, കല്ലുണ്ടിൽ,ഞക്കുനിലം | 5136 |
| 8 | 13 | 239 | വി.എൻ. ബൈജു, കൊയ്പ്പള്ളിൽ സച്ചിൻ നിവാസ്, കുടമുക്ക് | 2985 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/31.01.2023), ടി. കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നടപടികൾ വേഗത്തിലാക്കി വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പെർമിറ്റ്, ക്രമവത്കരണ ഫീസുകൾ കണക്കാക്കിയത് കൃത്യതയില്ലാതെ

കെട്ടിങ്ങൾക്ക് പെർമിറ്റ്, പെർമിറ്റ് എടുക്കാതെയും പെർമിറ്റിൽ അധികരിച്ചും നിർമ്മിച്ചവയ്ക്ക് ക്രമവത്ക്കരണം എന്നിവ അനുവദിക്കുമ്പോൾ ഫീസ് കൃത്യമായി കണക്കാക്കി ഈടാക്കുന്നില്ല. പല സാഹചര്യങ്ങളിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിൽ കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. വള്ളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ സർവ്വേ നം. 631/11-1, 631/11-2 എന്നിവയിലുള്ള 1417 ച.മീ. ഭൂമിയിൽ 442.37ച.മീ. വിസ്തീർണ്ണമുള്ള ഓൾഡ് ഏജ് ഹോം (എ2 വിനിയോഗഗണം) കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. പി. ഐ. ലോനപ്പൻ, ഡിവൈൻ കരുണാലയം, വാഴമുട്ടം ഈസ്റ്റ് എന്നയാൾക്ക് 26.03.2022-ൽ C4-4814/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | വിസ്തീർണ്ണം (ച.മീ.) |
|---|---|
| തറ നിരപ്പ് നില | 211.34 |
| ഒന്നാം നില | 211.34 |
| രണ്ടാം നില | 19.69 |
| ആകെ | 442.37 |

442.37ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പെർമിറ്റ് ഫീസായി ച.മീറ്ററിന് 7 രൂപ നിരക്കിൽ 3097 (442.37x7)രൂപയാണ് ഈടാക്കിയിട്ടുള്ളത്. ആയത് എ1 വിനിയോഗഗണത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കാണ് . എ1 ഒഴികെയുള്ള വിനിയോഗഗണത്തിലുള്ളവയുടെ പെർമിറ്റ് ഫീസ് ച.മീ. -ന് 10രൂപയാണ്. പെർമിറ്റ് ഫീസ് ഇനത്തിൽ 4424രൂപ (442.37x10) ലഭിക്കേണ്ട സ്ഥാനത്ത് 3097രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കൂടാതെ പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിൽ അനധികൃതമായി കൂട്ടിച്ചേർക്കൽ വരുത്തിയ 15.76ച.മീ. വിസ്തീർണ്ണമുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടഭാഗവും എ2 വിനിയോഗഗണത്തിലുള്ള 48.49ച.മീ. കെട്ടിടവും ക്രമവത്ക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. ആകെ 64.25 ച.മീ. ക്രമവത്ക്കരിക്കുന്നതിനുള്ള ഫീസായി ച.മീറ്ററിന് 14 രൂപ നിരക്കിൽ 900 (64.25x14)രൂപയാണ് ഈടാക്കിയിട്ടുള്ളത്. ആയത് എ1 വിനിയോഗഗണത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കാണ് (പെർമിറ്റ് ഫീസായ ഏഴ് രൂപയുടെ ഇരട്ടി). എ1 ഒഴികെയുള്ള വിനിയോഗഗണത്തിലുള്ളവയുടെ പെർമിറ്റ് ഫീസ് ച.മീ. -ന് 10രൂപയും ക്രമവത്ക്കരണ ഫീസ് 20 രൂപയുമാണ്. ക്രമവത്ക്കരണഫീസ് ഇനത്തിൽ 1285രൂപ (64.25x20) ലഭിക്കേണ്ട സ്ഥാനത്ത് 900രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

2. വള്ളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ സർവ്വേ നം.152/24-ലുള്ള 1030 ച.മീ. ഭൂമിയിൽ 308.79ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സന്തോഷ് റ്റി. എസ്., തോണ്ടലിൽ ഹൗസ്, നരിയാപുരം എന്നയാൾക്ക് 04.02.2022-ൽ C4-BA(42680)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തറനിരപ്പ് നില | 183.98ച.മീ. |
| ഒന്നാം നില | 77.49ച.മീ. |
| ഔട്ട് സൈഡ് സ്റ്റോർ 1 | 11.92ച.മീ. |
| ഔട്ട് സൈഡ് സ്റ്റോർ 2 | 6.6ച.മീ. |
| കാർപോർച്ച് | 28.80ച.മീ. |
| ആകെ | 308.79ച.മീ. |

പെർമിറ്റ് ഫീസായി 1960(279.99x7) രൂപയാണ് ഈടാക്കിയിട്ടുള്ളത്. കാർ പോർച്ചിന്റെ വിസ്തീർണ്ണം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ല. ആകെ പെർമിറ്റ് ഫീ കണക്കാക്കുന്നതിനായി കാർഷെഡ്, ടോയ്‌ലറ്റ്, വാച്ച്&വാർഡിനുള്ള കാബിൻ മുതലായവയുടെ വിസ്തീർണ്ണം പ്രധാന കെട്ടിടത്തോടുകൂടി ചേർക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019 ഷെഡ്യൂൾ II നോട്ട് 1.-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇത് പാലിക്കപ്പെട്ടിട്ടില്ല.

3. വള്ളിക്കോട് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ സർവ്വേ നം.154/12-2-ലുള്ള 243 ച.മീ. ഭൂമിയിൽ ശ്രീ. രാജേന്ദ്രൻ നായർ എൻ., സന്ധ്യാ ഭാസ്കരൻ, കുഴവേലിൽ കിഴക്കേതിൽ, വയല നോർത്ത് എന്നയാൾ പെർമിറ്റെടുക്കാതെ നിർമ്മിച്ച 213.91ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടം ക്രമവത്ക്കരിച്ച് 19.07.2021-ൽ 14/558 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഒന്നാം നില, രണ്ടാം നില, കാർപോർച്ച് എന്നിവയുടെ വിസ്തീർണ്ണം യഥാക്രമം 126ച.മീ., 70.41ച.മീ., 17.50 ച.മീ. എന്നിങ്ങനെയാണ്. ക്രമവത്ക്കരണ ഫീസായി 2750രൂപയാണ് (196.41x14) ഈടാക്കിയിട്ടുള്ളത് . കാർ പോർച്ചിന്റെ വിസ്തീർണ്ണം ക്രമവത്ക്കരണ ഫീസ് കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ല. ക്രമവത്ക്കരണഫീസ് ഇനത്തിൽ 2994രൂപ (213.91x14) ലഭിക്കേണ്ട സ്ഥാനത്ത് 2750രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

പെർമിറ്റ്, ക്രമവത്ക്കരണ ഫീസുകൾ കണക്കാക്കിയതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(11/31.01.23), ഫീസിനത്തിലുണ്ടായ കുറവ് അപേക്ഷകരിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തിരമായി തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 അനധികൃത എക്സ്റ്റൻഷനുകൾ വ്യാപകം- വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം

പഞ്ചായത്ത് പ്രദേശത്ത് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ പെർമിറ്റ് എടുക്കാതെ വ്യാപകമായ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെന്ന് കെട്ടിടനിർമ്മാണ പെർമിറ്റ്, അസ്സസ്സ്മെന്റ് ഫയലുകളുടെ പരിശോധനയിൽ കാണാൻ കഴിഞ്ഞു . ഇത്തരത്തിൽ നടത്തുന്ന അനധികൃത കൂട്ടിച്ചേർക്കൽ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ അറിയിക്കാത്തതിനാൽ കൂട്ടിച്ചേർക്കപ്പെട്ട കെട്ടിട ഭാഗങ്ങൾക്ക് ബാധകമായ വസ്തുനികുതി നിർണ്ണയിക്കപ്പെടാതെ പോകുകയും പഞ്ചായത്തിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ ഒരു ഭാഗം നഷ്ടപ്പെട്ടുപോകുകയുമാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തപ്പെടാതെ പോകുവാൻ ഇടയാകുന്നു. ഇത്തരം കെട്ടിടങ്ങൾ നിലനിൽക്കുന്ന പ്ലോട്ടിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കോ, കെട്ടിട ഭാഗങ്ങൾക്കോ പെർമിറ്റ്, നമ്പർ എന്നിവ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പഞ്ചായത്തിനെ സമീപിക്കുമ്പോൾ നടത്തുന്ന പരിശോധനകളിൽ മാത്രമാണ് അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ വരുന്നത്. പരിശോധനകൾ ഇല്ലാത്ത സാഹചര്യത്തിൽ അനധികൃത എക്സ്റ്റൻഷനുകൾ കണ്ടെത്തപ്പെടാതെയും നികുതി നിർണ്ണയിക്കപ്പെടാതെയും പോകുന്നു. അനധികൃതമായ കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനും വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക നിർണ്ണയിച്ച് ഈടാക്കിയെടുക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ക്രമവത്ക്കരണം അനുവദിക്കുമ്പോൾ ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിച്ചിട്ടുള്ളത് ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ്. ക്രമവത്ക്കരണത്തിനുള്ള അപേക്ഷ സമർപ്പണവും അതിന്റെ തീർപ്പാക്കലിന് വേണ്ടിയുള്ള നടപടിക്രമങ്ങളും കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 93-ൽ വിശദീകരിച്ചിട്ടുണ്ട്. സെക്രട്ടറി, ക്രമവത്ക്കരണം ഒരു ലിഖിത ഉത്തരവിലൂടെ അനുവദിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യേണ്ടതാണെന്ന് ചട്ടം 95(1)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. അനുബന്ധം G1 ഫോറത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും, അനുബന്ധം G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണെന്നും ചട്ടം 95(3) ലും നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ക്രമവത്ക്കരണം അനുവദിച്ചു വരുന്നത്. ക്രമവത്ക്കരണം അനുവദിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(11/31.01.23), ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 റ്റേക്ക്-എ-ബ്രേക്ക്- നിർമ്മിച്ച ടോയ് ലറ്റ് കെട്ടിടം പൂട്ടിയിട്ട നിലയിൽ

റ്റേക്ക്-എ-ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ടോയ് ലറ്റ് കെട്ടിടം പൂട്ടിയിട്ട നിലയിൽ. ചന്ദനപ്പള്ളി - കോന്നി

റോഡിൽ ആമ്പൽപ്പൂഞ്ചിറയിൽ പഞ്ചായത്ത് സ്ഥാപിച്ച മിനിപാർക്കിലാണ് ടോയ് ലറ്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയുടെ അടങ്കൽ സി.എഫ്.സി ഗ്രാന്റ് ഇനത്തിൽ 9 ലക്ഷം രൂപയായിരുന്നു. ഇ-ടെണ്ടറിലൂടെ 781132 രൂപ ക്വോട്ട് ചെയ്ത ശ്രീ ഷിജു മാത്യുവിന്റെ ടെണ്ടർ അംഗീകരിച്ച് 13.1.2021 ൽ പ്രവൃത്തി ഏൽപിച്ചു. 1.8.2022 ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം ജി.എസ്.റ്റി ഉൾപ്പെടെ 866506 രൂപയാണ് (773666 + ജി.എസ്.റ്റി). ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബില്ലിന്റെ വിവരം | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ആകെ ബിൽതുക | ബിൽ റഫറൻസ് നമ്പർ/ തീയതി |
|---|---|---|---|---|
| ആദ്യ പാർട്ട് ബിൽ | 374664 | 44960 | 419624 | 13.10.21 |
| രണ്ടാം പാർട്ട് ബിൽ | 314688 | 37762 | 352450 | 247236/ 28.6.22 |
| ഫൈനൽ ബിൽ | 84314 | 10117 | 94432 | 39649/ 22.8.22 |
| ആകെ | | | 866506 | |

അനുബന്ധ സൗകര്യങ്ങൾ സഹിതം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം ഇപ്പോഴും പൂട്ടിക്കിടക്കുന്ന സ്ഥിതിയിലാണ്. ആമ്പൽപൂഞ്ചിറയിലെ കുളം ചെളി നിറഞ്ഞും കാട് മൂടിയ നിലയിലുമാണ്. കുളത്തിലെ ആമ്പലുകൾ നീക്കം ചെയ്തിട്ടുമുണ്ട്. കുളത്തിലെ വെള്ളം പുറത്തേക്ക് ഒഴുകിപ്പോകാനുള്ള സംവിധാനമില്ല. അടുത്ത കാലത്തെങ്ങും പൊതുജനങ്ങൾക്കായി യാഥാർത്ഥ്യമാക്കാനാകാത്ത പാർക്കിന് വേണ്ടി ഇപ്രകാരം ടോയ് ലറ്റ് കെട്ടിടം പണിതതിനാലാണ് ആയത് നിഷ്ക്രിയ ആസ്തി ആയി മാറിയത് എന്ന് വിലയിരുത്തുന്നു.



മിനി പാർക്ക് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ടോയ് ലറ്റ് കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് ഭരണതല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-18 മിനി മാസ്റ്റ് ലൈറ്റുകളും സോളാർ ലൈറ്റുകളും സ്ഥാപിച്ചു - തുടർമോണിറ്ററിംഗ് ഇല്ല

മുൻവർഷങ്ങളിലെയും ഓഡിറ്റ് വർഷത്തെയും വാർഷിക പദ്ധതികൾ മുഖേന ഗ്രാമപ്പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകളും സോളാർ ലൈറ്റുകളും സ്ഥാപിച്ചുവെങ്കിലും അവ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും തുടർമോണിറ്ററിംഗ് നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ നടപ്പാക്കി. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, അടങ്കൽ | പ്രവൃത്തിയുടെ വിവരം | കരാറുകാരൻ | ട്രഷറി ബിൽ റഫറൻസ് നമ്പർ, തീയതി, ചെലവ് | സ്ഥാപിച്ച പ്രദേശങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ(S/O) S123/22 1182600 | Supply And Insallation Of 6 Meter Octogonal Pole With 3 Nos Of 100 W LED Flood Lighting System – 9 Nos ( Brand- PHILIPS/HALONIX/ BAJAJ/ Crompton) (Including Meter Box, Cabling, Installation, KSEB Charges) | Kerala Electrical And Allied Engineering, Kundara, Kollam | വൗച്ചർ നമ്പർ 22100302/23.7.21 720000 BRN 96712/ 10.3.22 395720 ആകെ – 1115720 | കടമുക്ക് ശ്രീനാരായണ മഹാവിഷ്ണക്ഷേത്രത്തിന് മുൻവശം, ഷാപ്പ് പടി ജംഗ്ഷൻ, വയലാ വടക്ക് ഇണ്ടിളിയപ്പൻ ക്ഷേത്രത്തിന് മുൻവശം, തൃപ്പാറ ക്ഷേത്രത്തിന്റെ പാർക്കിംഗ് ഏരിയ, കൈപ്പട്ടൂർ SCB യ്ക്ക് സമീപം, ആമ്പൽപ്പൂഞ്ചിറ മിനി പാർക്ക്, വള്ളിക്കോട് പി.എച്ച്.സി ജംഗ്ഷൻ, പുളിനിൽക്കുന്നതിൽപ്പടി ജംഗ്ഷൻ |
| വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ S218/22 1145000 (ബ്ലോക്ക് വിഹിതം 1140000, തനത് ഫണ്ട് 5000) | Installing 8 Meter Mini Mast Pole With Luminary 100 W LED Flood Light – 3Nos ( Brand – LT/HPL,PHILIPS), Timer, ELCB, MCB, Cabling, Meter Box, Cablng And Installation | Kerala Electrical And Allied Enjineering, Malappuram | ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തടസ്സം നേരിട്ടതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക നേരിട്ട് നൽകി. ചെലവ് 1124550 | ഞക്കുനിലം മണലേൽപ്പടി ജംഗ്ഷൻ, വള്ളിക്കോട്-വകയാൽ റോഡ്, കൈപ്പട്ടൂർ-വള്ളിക്കോട് റോഡ്-പി.എച്ച്.സിക്ക് സമീപം, ചന്ദനപ്പള്ളി-കോന്നി റോഡിൽ മൂഴിക്കടവ് പാലത്തിന് സമീപം, വാഴമുട്ടം-പ്രമാടം റോഡ്(പുളിനിൽക്കുന്നതിൽപ്പടി ജംഗ്ഷൻ), കടവ് ജംഗ്ഷൻ, ഭുവനേശ്വരം കുരിശുമ്മൂട്, മാതാവ് കുരിശുമ്മൂട് |

പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായ അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

(എ) മേൽസൂചിപ്പിച്ച മിനിമാസ്റ്റുകൾ നിലവിലും പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

(ബി) രണ്ട് പദ്ധതികൾ പ്രകാരവും KEL ൽ നിന്ന് തന്നെയാണ് വാങ്ങൽ നടത്തിയത്. S123/22 നമ്പർ പദ്ധതിയിൽ 6 മീറ്റർ ഉയരത്തിലുള്ളതും S218/22 നമ്പർ പദ്ധതിയിൽ 8 മീറ്റർ ഉയരത്തിലുമുള്ള Octogonal Pole ആണ് സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിക്കപ്പെട്ട മറ്റ് ഇനങ്ങളെല്ലാം രണ്ട് പദ്ധതികളിലും ഒന്ന് തന്നെയാണ്. എന്നാൽ S123/22 നമ്പർ പദ്ധതിപ്രകാരം ഒരു മിനിമാസ്റ്റ് ലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചതിന് 111607രൂപ നിരക്ക് അനുവദിച്ചപ്പോൾ S218/22 നമ്പർ പദ്ധതി പ്രകാരം ആയതിന് 105890 രൂപ നിരക്ക് നൽകി. S123/22 നമ്പർ പദ്ധതിക്ക് ഉയരം കുറവ് ഉള്ള Octogonal Pole ആയിട്ടും ഉയർന്ന നിരക്ക് ആണ് നൽകിയത്.

(സി) വൈദ്യുതി കണക്ഷൻ ലഭ്യമാകാഞ്ഞതിനാൽ ആമ്പൽപൂഞ്ചിറ മിനിപാർക്കിൽ സ്ഥാപിച്ച രണ്ട് മിനിമാസ്റ്റ് ലൈറ്റുകളും പ്രകാശിപ്പിക്കാനായിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി ചാർജ് ഒടുക്കേണ്ടതുണ്ട്. ആയതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

അപാകം സംബന്ധിച്ച് 27.1.22 ൽ 2ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, നിരക്കിലെ അപാകം സംബന്ധിച്ച് KEL മായി ബന്ധപ്പെട്ട് ഉടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഡി) വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിന് 502000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി (S219/22 ) നടപ്പാക്കിയിരുന്നു. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ടി പദ്ധതി പ്രകാരം 480000 രൂപ ചെലവഴിച്ച് (BRN 530692/ 30.3.2022) ചുവടെ പറയുന്ന വാർഡുകളിലായാണ് 6 സോളാർ ലൈറ്റുകൾ സ്ഥാപിച്ചത്.

| ക്രമ നമ്പർ | സ്ഥാപിയ്ക്കപ്പെട്ട പ്രദേശം |
|---|---|
| 1 | മാവുംപാറ പള്ളിമുരുപ്പ് റോഡ് പന്തലൊടി പള്ളിയ്ക്ക് മുൻവശം |
| 2 | നഗരുമണ്ണിൽപ്പടി ഗുരുമന്ദിരം പടി പൊൻപുലരി ഗ്രന്ഥശാലയ്ക്ക് സമീപം |

| | |
|---|---|
| 3 | ചാമക്കാലാപ്പടി- പ്രമാടം റോഡ് 7 ാം വാർഡിൽ മുണ്ടുതോട് |
| 4 | തെങ്ങുംപള്ളിൽ പുത്തൻവീട്ടിൽപ്പടി കാഞ്ഞിരപ്പാറ കോളനിറോഡ് കുഴൽക്കിണറിന് സമീപം |
| 5 | കുറ്റിയിൽ വടക്കേതിൽപ്പടി - പുലിയമ്മേൽപ്പടി റോഡ് |
| 6 | നൂറുമാനപ്പടി റോഡ് - പാറക്കരമല റോഡ് |

ഇത് കൂടാതെ 2020-21 ൽ (S192/20) 750000 രൂപ ചെലവഴിച്ച് പട്ടികജാതി കോളനികളിൽ സോളാർ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിച്ച സോളാർ ലൈറ്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്തതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് 27.1.22 ൽ 4ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അവ പ്രവർത്തിക്കുന്നതായി അറിയിച്ചു.

മേൽസൂചിപ്പിച്ച മിനിമാസ്റ്റ് ലൈറ്റുകളും സോളാർ ലൈറ്റുകളും പ്രവർത്തിക്കുന്നുണ്ടോയെന്നും, അല്ലാത്തവ മെയിന്റനൻസ് ചെയ്യുന്നതിനുമായി സ്ഥിരമായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. അപാകം പരിഹരിക്കുന്നതിനും പ്രവർത്തിക്കാത്ത വിളക്കുകൾ മെയിന്റനൻസ് നടത്തുന്നതിനും ഭരണതല നടപടികൾക്കായി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് വർഷത്തെ പദ്ധതി പ്രകാരം KEL, മലപ്പുറം- ന് ഉയർന്ന നിരക്ക് നൽകിയതിന്മേൽ വിശദമായ പരിശോധന നടത്തി അധിക പ്രതിഫലം തിരികെ ഈടാക്കേണ്ടതുമാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് - കുറയ്ക്കുന്നതിന് നടപടികളില്ല.

പൊതുടാപ്പുകളുടെ വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് എന്നീ ഇനങ്ങളിൽ യഥാക്രമം 1.28 ലക്ഷവും 1.08 ലക്ഷവും ആണ് പ്രതിമാസ ചെലവ്. ഭീമമായ ചെലവ് കുറയ്ക്കുന്നതിന് മീറ്റർ സ്ഥാപിക്കുന്നതിനും ആവശ്യമില്ലാത്ത പൊതുടാപ്പുകൾ കണ്ടെത്തി ഡിസ്കണക്ട് ചെയ്യുന്നതിനുമുള്ള നടപടികൾ ഭരണതലത്തിൽ പരിശോധിച്ചിട്ടില്ല.

294 ടാപ്പുകൾക്കാണ് തുക ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി 30.9.19 ൽ സംയുക്ത പരിശോധന നടത്തിയതിനെത്തുടർന്ന്, 280 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തി പരിശോധനാറിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ ഇതനുസരിച്ച് തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിച്ച് വെള്ളക്കരം കുറവ് ചെയ്തിട്ടില്ല. പ്രവർത്തിക്കുന്നതും ആവശ്യമുള്ളതുമായ ടാപ്പുകൾ പുന: പരിശോധനയിലൂടെ കണ്ടെത്തുന്നതിനും ആവശ്യമില്ലാത്തവ ഡിസ്കണക്ട് ചെയ്യുന്നതിനും വെള്ളക്കരം കുറവ് ചെയ്യുന്നതിനും ഭരണതലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

തെരുവുവിളക്കുകളുടെ മീറ്ററിംഗ് പൂർത്തിയായിട്ടില്ല. കെ.എസ്.ഇ.ബി കൈപ്പട്ടൂർ സെക്ഷന്റെ പരിധിയിൽ മീറ്ററിംഗ് പൂർത്തീകരിച്ചിരുന്നു. എന്നാൽ കുമ്പഴ, വകയാർ സെക്ഷനുകളുടെ പരിധിയിലുള്ള തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള പദ്ധതി ഇതേവരെ ഏറ്റെടുത്തിട്ടില്ല. പ്രതിമാസം 108978 രൂപയാണ് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് ആയി ഒടുക്കുന്നത്. മീറ്ററിംഗ് പൂർത്തിയാക്കി ടി ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 റിവോൾവിംഗ് ഫണ്ടായി നൽകിയ തുക കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ നിഷ്ക്രിയാവസ്ഥയിൽ

| പ്രോജക്റ്റിന്റെ പേരും നമ്പരും. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്, 18/22 | 160000 (വികസന ഫണ്ട്) | 160000 | 72/18.09.2021 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം 160000 രൂപ കുടുംബശ്രീ സി.ഡി.എസ്.-ന് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി.തുക കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടില്ല. 160000 രൂപ കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. റിവോൾവിംഗ് ഫണ്ടായി അനുവദിച്ച തുക അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 1-21 അഗതിരഹിത കേരളം പദ്ധതി നിർജ്ജീവം

പഞ്ചായത്തിൽ നടപ്പിലാക്കി വന്ന അഗതിരഹിത കേരളം പദ്ധതി 2022 മാർച്ചിന് ശേഷം നിർജ്ജീവാവസ്ഥയിലാണ്. ഓണത്തോടനുബന്ധിച്ച് ഒരു തവണ പോഷകാഹാര കിറ്റ്, പച്ചക്കറികിറ്റ് എന്നിവ

വിതരണം ചെയ്തതൊഴിച്ചാൽ മറ്റ് പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. മറ്റ് സമയങ്ങളിൽ ഭക്ഷണകിറ്റ് വിതരണം പോലും നടത്തിയിട്ടില്ല. അശരണരും നിരാലംബരുമായ 93 അഗതി കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളായുണ്ട്. ചലഞ്ച് ഫണ്ട് തീർന്നതിനാലാണ് ഭക്ഷണ കിറ്റ് വിതരണം ചെയ്യാൻ സാധിക്കാതെ പോയതെന്നും നിലവിലെ പദ്ധതി 2022 മാർച്ച് മാസം അവസാനിച്ചതിന് ശേഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് കുടുംബശ്രീയിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ലായെന്നും അസി.സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചു. ചലഞ്ച് ഫണ്ടിനത്തിൽ ഒന്നും രണ്ടും ഗഡുക്കളായി 2242800രൂപയാണ് പഞ്ചായത്തിന് അനുവദിച്ചത്. മൂന്നാം ഗഡുവിന് അപേക്ഷ നൽകിയെങ്കിലും അനുവദിച്ച് ലഭിച്ചിട്ടില്ല. എന്നാൽ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ള തുകയിൽ 2357965രൂപ നീക്കിയിരിപ്പായുണ്ട്. ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ, പലിശയോ ലഭ്യമല്ലായെങ്കിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഏതൊരു ആവശ്യത്തിനും പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണെന്ന് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) ഖണ്ഡിക 3.2.1.2-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. വികസനഫണ്ടിന്റെ നീക്കിയിരുപ്പ് ഉപയോഗിച്ച് അഗതികുടുംബങ്ങളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതിയെ ആശ്രയിച്ചു കഴിഞ്ഞുവരുന്ന അഗതികളും നിരാലംബരുമായ ആളുകളുടെ അതിജീവനാവശ്യങ്ങൾ സാങ്കേതികത്വത്തിന്റെ പേരിൽ നിഷേധിക്കുന്നത് ഖേദകരമാണ്. നിലവിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ആശ്രയ കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും അവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമായില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ റഫറൻസ്/ വൌച്ചർ നമ്പർ | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ S206/22 | 71980 | BRN 1455790/ 25.3.22 | കെ.എസ്.ഇ.ബി | വാർഡ് 1 മുതൽ 5 വരെ, 9, 11 മുതൽ 15 വരെ |
| | | 529419 | BRN 37138/ 16.2.22 | | |
| 2 | ഗ്രാമപ്പഞ്ചായത്തിലെ തോടുകളുടെ നവീകരണം S118/22 | 596600 | വൌച്ചർ നമ്പർ XVFC/21-22/P/16/ 13.1.22 | മൈനർ ഇറിഗേഷൻ വകുപ്പ് | കൊട്ടമൺ വലിയതോടിന്റെ പഞ്ചായത്ത് പരിധിയിലുള്ള ഭാഗത്ത് ചെളിയും മാലിന്യവും നീക്കം ചെയ്യുന്നതിന് മൈനർ ഇറിഗേഷനിൽ നിന്ന് 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി. |
| 3 | ടി S168/22 | 303400 | BRN 21050252010500655179/ 16.11.21 | | |

മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. അതുവരെ പ്രവൃത്തികൾക്കായി ചെലവഴിച്ച 1501399 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു. 31.03.2022ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളുടെ ഇനം തിരിച്ചുള്ള വിവരം ( 2021-22 വർഷത്തെ അപ്രോപ്രിയേഷൻ രജിസ്റ്റർ പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലഭിച്ച തുകയുടെ വിവരം | തുക നൽകിയ സ്ഥാപനം | അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | അങ്കണവാടി അറ്റകുറ്റപ്പണികൾ | ബ്ളോക്ക് പഞ്ചായത്ത് | 43377 |
| 2 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് | ബ്ളോക്ക് പഞ്ചായത്ത് | 194504 |
| 3 | തേക്കും കാട്ടിൽ കോളനി റോഡ് | ബ്ളോക്ക് പഞ്ചായത്ത് | 101795 |
| 4 | കിണർ റീ ചാർജിംഗ് | ബ്ളോക്ക് പഞ്ചായത്ത് | 1777716 |
| 5 | മിനി പാർക്ക് നിർമ്മാണം | ജില്ലാപ്പഞ്ചായത്ത് | 248000 |
| 6 | അങ്കണവാടി നിർമ്മാണം(നം.87) | ജില്ലാപ്പഞ്ചായത്ത് | 154088 |
| 7 | എം.എൻ ലക്ഷം വീട് | ജില്ലാപ്പഞ്ചായത്ത് | 160000 |
| 8 | പാലിന് സബ്സിഡി | ജില്ലാപ്പഞ്ചായത്ത് | 130565 |
| 9 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | ജില്ലാപ്പഞ്ചായത്ത് | 14800 |
| 10 | പാലിയേറ്റീവ് കെയർ | ബ്ളോക്ക് പഞ്ചായത്ത് | 2500 |
| 11 | അനുപൂരക പോഷകാഹാരം | ബ്ളോക്ക് പഞ്ചായത്ത് | 638 |

ഫണ്ടുകൾ നിശ്ചയിക്കപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ കഴിയാത്ത പക്ഷം തുക നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ മുൻകൂർ തുക കൈപ്പറ്റിയ ചുവടെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതിയുടെ വിവരങ്ങൾ | ഗുണഭോക്താവിന്റെ വിവരങ്ങൾ | കൈപ്പറ്റിയ തുക |
|---|---|---|
| വ്യക്തിഗത ഗാർഹിക കക്കൂസ് അറ്റകുറ്റപ്പണി, 120/22 | ഗോപാലകൃഷ്ണൻ, പീടികയിൽ, കൈപ്പട്ടൂർ | 5000 |
| | രാധാമുരളി, പുത്തൻവീട്ടിൽ, കൈപ്പട്ടൂർ | 5000 |
| | രാജൻകുട്ടി എം.സി., മൂർത്തിമുരുപ്പേൽ, വാഴമുട്ടം | 5000 |
| | ഓമന, ചാവരുകുഴി ശ്രീലേഖ ഭവൻ, വാഴമുട്ടം | 5000 |
| | മോനി ജോസ്, പുതുപറമ്പിൽ വടക്കേതിൽ, വാഴമുട്ടം | 5000 |
| | രമ പി., കാഞ്ഞിരക്കാട്ടു, നരിയാപുരം | 5000 |
| | മൃദുലകുമാരി, പുത്തൻപറമ്പിൽ, ഞക്കുനിലം | 5000 |
| | സുമ അച്യുതൻ, ഒറ്റപ്ലാവിൽ, വള്ളിക്കോട് | 5000 |
| | ജയലേഖ ജി., ചിറ്റക്കാട്ടു, നരിയാപുരം | 5000 |
| | രമ്യ പി.ആർ., പാലയ്ക്കൽ ഹൗസ്, | 5000 |

| | | |
|---|---|---|
| | വാഴമുട്ടം | |
| | മായ ഗോപിനാഥൻ നായർ, നാരായണമംഗളം, വള്ളിക്കോട് | 5000 |
| | പാറുക്കുട്ടി, കുറ്റിയിൽ, മാമ്മൂട് | 5000 |
| | ഓമന വേണുഗോപാൽ, പുതുപറമ്പിൽ, ഞക്കുനിലം | 5000 |
| വ്യക്തിഗത ഗാർഹിക കക്കൂസ് അറ്റകുറ്റപ്പണി (സ്പിൽ ഓവർ), 135/22 | പൊന്നമ്മ എൻ.കെ., മങ്ങാട്ട്, നരിയാപുരം | 4240 |
| പട്ടികജാതി ഗുണഭോക്താക്കൾക്ക് കക്കൂസ് അറ്റകുറ്റപ്പണിയ്ക്ക് ധനസഹായം (സ്പിൽ ഓവർ), 136/22 | പൊടിയമ്മ കെ.കെ., കോയിക്കലേത്ത് മലയിൽ കിഴക്ക് | 5000 |
| | ഭവാനി, കാഞ്ഞിരപ്പാറ പുത്തൻവീട്, വാഴമുട്ടം | 5000 |
| | ഗീത ഗോപി, അയത്തിൽ വീട്, മാമ്മൂട് | 5000 |
| | രാമചന്ദ്രൻ കെ., ചൂരമൂട്ടിൽ, കൈപ്പട്ടൂർ | 5000 |
| | സുനിൽ ജി., ചാവരുകുഴിയിൽ, വാഴമുട്ടം | 5000 |
| | മണിയമ്മ, കോയിക്കലേത്ത് മലയിൽ, കൈപ്പട്ടൂർ | 5000 |
| പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കൽ, 23/22 | സുമ, ശ്രുതി ഭവനം, വാഴമുട്ടം | 87000 |
| | വിനോദിനി വി.ആർ., വലിയമഠത്തിനാൽ, വാഴമുട്ടം | 87000 |
| | രാജേഷ്, രാജേഷ് ഭവനം, വാഴമുട്ടം | 87000 |
| | പ്രസന്ന, അയ്യൻകോയിക്കൽ, നരിയാപുരം | 87000 |

ലൈഫ് ഭവന പദ്ധതിയിൽ മുൻകൂർ തുക അനുവദിച്ച ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| പദ്ധതിയുടെ വിവരങ്ങൾ | ഗുണഭോക്താവിന്റെ വിവരങ്ങൾ | കൈപ്പറ്റിയ തുക |
|---|---|---|
| ലൈഫ് ഭവനപദ്ധതി (എസ്.സി.പി.), 21/22 | വിനോദ് പി., മുകളുപറമ്പിൽ, വെള്ളപ്പാറ | 40000 |
| | ചെല്ലമ്മ, ഉതിക്കുട്ടത്തിൽ പതിയാന്റയ്യത്ത്, കൈപ്പട്ടൂർ | 40000 |

പ്രസ്തുത ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനോ, മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(9/31.01.23) നൽകിയിരുന്നു. പണി പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കളെ നേരിട്ടും കത്ത് മുഖേനയും നിരവധി തവണ ബന്ധപ്പെട്ടിരുന്നതായും ആയതിന്റെ ഫലമായി കുറച്ച് ഗുണഭോക്താക്കൾ പണിപൂർത്തീകരിച്ചതായും ബാക്കിയുള്ളവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയ്ക്ക് കത്ത് നൽകിയതായും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ അനുവദിച്ച തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-25 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിന് നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണം എന്ന് പദ്ധതി മാർഗ്ഗരേഖാ ഉത്തരവിൽ നിഷ്കർച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 28 അങ്കണവാടികളിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. കെട്ടിടം ഇല്ലാത്ത 10 അങ്കണവാടികളിൽ 3 എണ്ണത്തിന് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാണ്. എന്നാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

ജില്ലാപ്പഞ്ചായത്തിൽ നിന്നും 87-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭിച്ചെങ്കിലും

നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. ബ്ളോക്ക് പഞ്ചായത്തിൽ നിന്നും അങ്കണവാടി മെയ്ന്റനൻസിനായി ലഭിച്ച 43377 രൂപയും ചെലവഴിക്കാതെ ശേഷിക്കുന്നു. സംയുക്ത പ്രോജക്റ്റുകൾക്കായി ലഭിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാത്ത പക്ഷം അതാത് സ്ഥാപനത്തിലേക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ലഭ്യമായ ഫണ്ട് സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഐ സി ഡി എസ്സ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടി പ്രകാരം ഭൂരിഭാഗം അങ്കണവാടികളിലും ബേബി ചെയറുകൾ, യോഗങ്ങൾക്കായുള്ള കസേരകൾ ഇവ ഇല്ലെന്നാണ് അറിയിച്ചിട്ടുള്ളത്. ആകെയുള്ള അങ്കണവാടികളിൽ 13 എണ്ണത്തിനു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ ഇല്ലാത്തത് കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്നു എന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. പഞ്ചായത്തിലെ അങ്കണവാടികളുടെ മെയ്ന്റനൻസിനായി 700000 രൂപ വകയിരുത്തി പ്രോജക്റ്റ് ആവിഷ്കരിച്ചെങ്കിലും (നം.86) നടപ്പിലാക്കിയില്ല. റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും തൻവർഷത്തെ പദ്ധതിയ്ക്കായി വകയിരുത്തിയ തുകയിൽ 21.42 ലക്ഷം രൂപ വിനിയോഗിക്കാതെ ലാപ്സായത് ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

നിലവിൽ പ്രാബല്യത്തിലുള്ള പദ്ധതിമാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം.84/2022 തീയതി 19.04.2022) അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-26 മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾ പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും പിഎച്ച്സിക്ക് ആവശ്യമായ മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പ്രോജക്റ്റിന്റെ പേര് | KMSCLനു നൽകിയ തുക | ബിൽ നമ്പർ/തീയതി | മരുന്ന് ലഭ്യമായത് (തുക) | ലഭിക്കാൻ അവശേഷിക്കുന്നത് (തുക) |
|---|---|---|---|---|
| 64/2022-പാലിയേറ്റീവ് കെയർ | 231500 (വികസന ഫണ്ട്-ജനറൽ) | 21050252010900412903, 16.09.2021 | 215156 | 16344 |
| | 152939 (ജില്ലാപഞ്ചായത്ത് വിഹിതം) | 21050252010901349119,17.03.2022 | 148377 | 4562 |
| 34/2022-പിഎച്ച്സിക്ക് മരുന്ന വാങ്ങൽ | 250000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 21050252010900412910,16.09.2021 | 204112 | 45888 |

മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ റഫറൻസ്/ വൗച്ചർ നമ്പർ | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ S206/22 | 71980 | BRN 1455790/ 25.3.22 | കെ.എസ്.ഇ.ബി | പൂർത്തീകരിച്ചില്ല |
| | | 529419 | BRN 37138/ 16.2.22 | ടി | |
| 2 | ഗ്രാമപ്പഞ്ചായത്തിലെ തോടുകളുടെ നവീകരണം S118/22 | 596600 | വൌച്ചർ നമ്പർ XVFC/21-22/P/16/ 13.1.22 | മൈനർ ഇറിഗേഷൻ | പൂർത്തീകരിച്ചില്ല |
| 3 | ടി S168/22 | 303400 | BRN 21050252010500655179/ 16.11.21 | ടി | പൂർത്തീകരിച്ചില്ല |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 100000 | ഫലവൃക്ഷത്തൈ വിതരണം | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 134991 | കൃഷിയിടങ്ങളിൽ സംരക്ഷണ കവച നിർമ്മാണം | 134991 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 800000 | പച്ചക്കറി വികസനം (വനിത) | 800000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 415000 | പാടശേഖര സമിതി ടില്ലർ വാങ്ങൽ | 415000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1400000 | നെൽകൃഷി വികസന പദ്ധതി | 1400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 150000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 150000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 393024 | നെൽകൃഷി വികസന പദ്ധതി | 393024 | 0 |
| ജില്ലാപ്പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 3504000 | ലൈഫ് ഭവന പദ്ധതി(എസ്സ് സി പി) | 3504000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1615000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1615000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 80860 | അങ്കണവാടി അനുപൂരക പോഷകാഹാരം | 80860 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 249800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 249800 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 25500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 25500 | 0 |

| | | | | |
|---|---|---|---|---|
| | | കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ബ്ളോക്ക് പഞ്ചായത്ത് | 300000 | ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി | 300000 | 0 |
| ജില്ലാപ്പഞ്ചായത്ത് | 66000 | ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി | 66000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 80241 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 80241 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 1115720 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1115720 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 480000 | വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 480000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 601399 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 601399 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 652500 | വയോജനങ്ങൾക്ക് കട്ടിൽ | 652500 | 0 |
| ജില്ലാപ്പഞ്ചായത്ത് | 189969 | 89-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം | 189969 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം വായ്പയെടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ | |
| ലൈഫ് ഭവനപദ്ധതി | GO(MS)100/2018 /LSGD/30.07.2018 | 4510004 | - | 601333 | 3908671 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം4) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | 2 (അനുബന്ധം5) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 92223727 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79464016 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര – സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1501399 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക |
|---|---|
| 1-22 | 1501399 |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/17/02 തീയതി 30-03-02 | 2 (37, 38) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി2/29/02 തീയതി 07-05-02 | 2 (28 ,49) |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01 തീയതി 17-11-01 | 1 (10) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07 തീയതി 16-12-2008 | 1 (3-2) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09 തീയതി 16-10-2009 | 2 (3-8, 3-9) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09 തീയതി 28-11-09 | 1 (3-6) |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10 തീയതി 01-03-2011 | 3 (3-4, 3-6, 3-15) |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11 തീയതി 14-12-2013 | 3 (3-8, 3-9, 3-16) |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11 തീയതി 13.07.12 | 5 (3-14, 3-15, 3-16, 3-17, 3-18) |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13 തീയതി 19.03.14 | 1 (3-2 (4)) |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14 തീയതി 24.02.14 | 1 (3-1) |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16 തീയതി 06-08-2016 | 4(2-3, 3-2, 3-3, 3-10) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/17 തീയതി 06-02-2017 | 5 (2-7, 3-5, 3-6, 3-11, 3-12) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17 തീയതി 18.07.17 | 2 (2-3, 3-4) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/180/19 തീയതി 03/04/2019 | 5 (3-2, 3-6, 3-11, 4-1, 4-2) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി9/98/20 തീയതി 05/03/2020 | 7 (1-13, 1-16, 1-19, 1-20, 1-23, 1-26, 4-3) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി9/842/2021 തീയതി 24/12/2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി9/661/2022 തീയതി 13/07/2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്